(എ) ഖാദി മേഖലയുടെ നവീകരണത്തിനായി 'മാർക്കറ്റിംഗ് ഫെഡ റേഷൻ' ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി എന്താ ണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഖാദി മേഖലയിൽ യന്ത്രവൽക്കരണത്തിന് പരി പാടിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഖാദി തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഖാദി മേഖലയുടെ നവീകരണത്തിനായി 'മാർക്കറ്റിംഗ് ഫെഡ റേഷൻ' ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

(ബി) ഇതു സംബന്ധിച്ച നടപടികൾ ഖാദി ബോർഡ് പരിശോധിച്ചു വരുകയാണ്.

(സി) ഖാദി മേഖലയിൽ നൂൽനൂൽപ്പു രംഗത്ത് യന്ത്രവൽക്കരണം ഇല്ല. പ്രീ-പ്രോസ്സസിംഗിനു മാത്രം യന്ത്രവൽക്കരണം ഇപ്പോൾത്തന്നെ നില വിലുണ്ട്. നെയ്ത്തുരംഗത്ത് യന്ത്രവൽക്കരണം ഏർപ്പെടുത്താൻ ഖാദി കമ്മി ഷന്റെ ഇപ്പോഴത്തെ നിബന്ധനകൾ പ്രകാരം സാദ്ധ്യമല്ല.

(ഡി) ഖാദി ബോർഡ് ഖാദി തൊഴിലാളികൾക്കായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് തയ്യാറാക്കിയ ഇൻഷ്വറൻസ് പദ്ധതി 1.6.99-ൽ നിലവിൽ വന്നു.

18 (*274) കുടികിടപ്പുകാരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. കണാരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ ദീർഘനാളായി കുടിൽകെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ കുടിൽകെട്ടി താമസിച്ചുവരുന്നവർക്ക് ഭൂമി നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചി ട്ടുണ്ടോ;

(സി) ഇവർക്കു ഭൂമി നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥ നിലവി ലുണ്ടോ;

(ഡി) സംസ്ഥാനത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ കുടിൽകെട്ടി താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിനു കമ്പോള വില നൽകണം എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സൗജന്യനിരക്കിൽ ഭൂമി നൽകുന്ന പദ്ധതിപ്രകാരം സംസ്ഥാനത്ത് ഇതിനകം എത്ര പേർക്ക് ഭൂമി നൽകി എന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്)

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശങ്ങളിൽ കുടിൽകെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുണ്ട്.

(ബി) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ പതിച്ചു കൊടുക്കുവാൻ ലഭ്യമായ സർക്കാർ ഭൂമി 13.11.1995-ലെ ജി.ഒ.(പി) 566/95/ആർ.ഡി. നമ്പരായി പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരവും 9.10.1997-ലെ 764/97/ആർ.ഡി. നമ്പരായി പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരവുമാണ് പതിച്ചു നൽകുന്നത്. ഈ ചട്ടപ്രകാരം വീടുവെയ്ക്കുന്നതിന് ഭൂമി പതിച്ചു നൽകാവുന്നതാണ്.

(സി) ഭവന നിർമ്മാണത്തിനായി മുനിസിപ്പാലിറ്റികളിൽ സാധാരണയായി 10 സെന്റും കോർപ്പറേഷനുകളിൽ 5 സെന്റും ഭൂമിയാണു പതിച്ചു നൽകുന്നത്. ഭവന നിർമ്മാണത്തിന് 24,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കാണെങ്കിൽ സൗജന്യനിരക്കിലും 24,000/- രൂപ മുതൽ 50,000/- രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മാർക്കറ്റു വിലയുടെ 20 ശതമാനം നിരക്കിലും 50,000/- രൂപയ്ക്കുമേൽ വരുമാനമുള്ളവർക്ക് കമ്പോള വില ഈടാക്കിക്കൊണ്ടും ഭൂമി പതിച്ചുനൽകുന്നു.

(ഡി) മുകളിൽ 'സി' ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു.

(ഇ) ഗ്രാമീണ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് സൗജന്യമായി ഭൂമി നൽകുന്ന പദ്ധതിപ്രകാരം സംസ്ഥാനത്ത് ഇതുവരെ 59,926 കുടുംബങ്ങൾക്കു ഭൂമി നൽകിയിട്ടുണ്ട്.

19 (*275) കശുവണ്ടി വ്യവസായ വികസനം

ശ്രീ. പി. രാഘവൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായരംഗം പ്രതിസന്ധി നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കശുവണ്ടി വ്യവസായ സ്പെഷ്യൽ ഓഫീസ് ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) ഈ ഓഫീസിന്റെ അധികാരങ്ങളും ചുമതലകളും എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly